## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1247

10 .08.2017-ൽ
മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ. വി. കെ. സി. മമ്മത് കോയ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകൾ അടക്കം അഴിമതി-മുക്തമാക്കുന്നതിന്റെ ഭാഗമായി എന്തൊ-ക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ 123/എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ നമ്പർ സർക്കുല-റിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും, പീരിയോഡിക്കൽ പരി-ശോധന നടത്തുവാനും, ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഏതെങ്കിലും ഉദ്യോഗസ്ഥർ കൈക്കൂലി/ പാരിതോഷികം ആവശ്യപ്പെടുന്ന പക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ, ജില്ലാ കളക്ടറേറ്റിന്റെയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെയും സെക്രട്ടറിയേറ്റിന്റെയും മന്ത്രി ഓഫീ-സിന്റെയും നമ്പരുകൾ മുൻഗണനാ ക്രമത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർ-ദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യ-പ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവർത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം അടിസ്ഥാനമാക്കി മധ്യമേഖല

വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് എന്ന് നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ, വകുപ്പു മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻ-സ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജി-സ്റ്ററുകൾ എന്നിവ പരിശോധിച്ചു വരുന്നു.

(ബി) റവന്യൂ ഓഫീസുകളെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

(ബി) റവന്യൂ ഓഫീസുകളെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ